# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2137 10.10.2011 - ൽ മറുപടിക്ക്

## വിവിധ ശുദ്ധജല വിതരണ പദ്ധതികളിലെ കാലപ്പഴക്കം ചെന്ന പമ്പ് സെറ്റുകൾ മാറ്റുന്ന പദ്ധതി

**ചോദ്യം**

ശ്രീ. രാജു എബ്രഹാം

**മറുപടി**

ശ്രീ. പി ജെ. ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ വിവിധ ശുദ്ധ ജല വിതരണ പദ്ധതികളിലെ കാലപ്പഴക്കം ചെന്നതും തുടർച്ച യായി തകരാറുകൾ നേരിടുന്ന തുമായ പമ്പ് സെറ്റുകൾ മാറ്റുന്ന തിനുള്ള ആർ. ഐ. ഡി. എഫ് പദ്ധതിക്ക് എന്നാണ് അംഗീകാരം ലഭിച്ചത്; പദ്ധതിയിലെ പമ്പ് സെറ്റുകൾ നാളിതുവരെ മാറ്റിവെയ്ക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

(എ) കേരളത്തിലെ 14 ജില്ലകളിലെ ഉദ്ദേശം 460 ജലവിതരണ പദ്ധതികളിൽ കാലപ്പഴക്കം ചെന്നതും തുടർച്ചയായി തകരാറുകൾ നേരിടുന്നതുമായ പമ്പുകളും മോട്ടോറുകളും മാറ്റി പുതിയത് സ്ഥാപിക്കുന്നതിനു വേണ്ടി 3409.79 ലക്ഷം രൂപ അടങ്കൽ തുകയുള്ള പദ്ധതിക്ക് നബാർഡിന്റെ ആർ.ഐ.ഡി.എഫ് XVI ൽ അനുമതി ലഭിച്ചു. നബാർഡ് വായ്പ 2898.32 ലക്ഷം രൂപയാണ്. ഇതേ തുടർന്ന് 19.11.10 -ൽ പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുകയും പിന്നീട് 08.04.2011 ൽ ജല അതോറിറ്റി ഭരണാനുമതി നൽകുകയും, ഇപ്പോൾ അതാത് റീജിയണൽ ചീഫ് എഞ്ചിനീയർമാരുടെ മേൽനോട്ടത്തിൽ ടെൻഡറിംഗ് നടപടികൾ പുരോഗമിക്കുകയാണ്.

(ബി) എത്ര പമ്പ് സെറ്റുകളാണ് മാറ്റുന്നതിലേയ്ക്കായി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി യിട്ടുള്ളത്; ഇതിൽ റാന്നി നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന ഏതൊക്കെ പദ്ധതികളിലെ പമ്പു സെറ്റ കളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ;

(ബി) കേരളത്തിലെ 14 ജില്ലകളിലെ 460 ജലവിതരണ പദ്ധതികളിലുള്ള ഏകദേശം 778 പമ്പ്സെറ്റുകളാണ് നബാർഡിന്റെ ആർ.ഐ.ഡി.എഫ് XVI ൽ ഉൾപ്പെടുത്തി മാറ്റുന്നത്. റാന്നി നിയോജക മണ്ഡലത്തിൽ താഴെപറയുന്ന പദ്ധതികളിലെ 19 പമ്പുകളാണ് ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

| | പദ്ധതിയുടെ പേര് | പമ്പുകളുടെ എണ്ണം |
|---|---|---|
| 1. | കരികുളം ഗ്രാമീണ കുടിവെള്ള പദ്ധതി | 1 |
| 2. | ചെല്ലക്കാട് ഗ്രാമീണ | 2 |

| | | |
|---|---|---|
| | കുടിവെള്ള പദ്ധതി | |
| 3. | അങ്ങാടി ഗ്രാമീണ കുടിവെള്ള പദ്ധതി | 1 |
| 4. | വെച്ചൂച്ചിറ ഗ്രാമീണ കുടിവെള്ള പദ്ധതി | 3 |
| 5. | അടിച്ചിപ്പുഴ ഗ്രാമീണ കുടിവെള്ള പദ്ധതി | 1 |
| 6. | വടശ്ശേരിക്കര ഗ്രാമീണ കുടിവെള്ള പദ്ധതി | 2 |
| 7. | പേഴുംപാറ ഗ്രാമീണ കുടിവെള്ള പദ്ധതി | 2 |
| 8. | റാന്നി പെരുനാട് ഗ്രാമീണ കുടിവെള്ള പദ്ധതി | 1 |
| 9. | ചിറ്റാർ ഗ്രാമീണ കുടിവെള്ള പദ്ധതി | 1 |
| 10. | കൊടുമാടി ഗ്രാമീണ കുടിവെള്ള പദ്ധതി | 2 |
| 11. | ശബരിമല പമ്പ സമഗ്ര ശുദ്ധജല വിതരണ പദ്ധതി | 1 |
| 12. | നീലിമലയിൽ പമ്പ് മാറ്റി വയ്ക്കൽ | 1 |
| 13. | അപ്പാച്ചി മേട്ടിൽ പമ്പ് മാറ്റി വയ്ക്കൽ | 1 |
| | | 19 |

(സി) എത്ര കോടി രൂപയാണ് പദ്ധതിക്കായി ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത് ; ഈ പ്രവൃത്തി ടെൻഡർ ചെയ്തിട്ടുണ്ടോ; അടുത്ത വരൾച്ചാക്കാലത്തിന് മുമ്പ് പമ്പ് സെറ്റുകൾ മാറ്റി വെയ്ക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

(സി) പദ്ധതിക്കായി 3409.79 ലക്ഷം രൂപയാണ് ഭരണാനുമതിയായി ലഭിച്ചിരുക്കുന്നത്. ചീഫ് എഞ്ചിനീയർ തലത്തിൽ ടെൻഡറിംഗിനുള്ള നടപടികൾ എടുത്തു വരുന്നു.

സെക്ഷൻ ഓഫീസർ